# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **08.05.2017-ന് മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 2382**

## സ്കൂളുകളിൽ പ്ലാസ്റ്റിക് നിരോധനം

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പ്ലാസ്റ്റിക് നിർമ്മിത ഉത്പന്നങ്ങൾ നിരോധിക്കുന്നതിനും പ്ലാസ്റ്റിക്കിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പ്ലാസ്റ്റിക് നിർമ്മിത ഉത്പന്നങ്ങൾ നിരോധിക്കുക, പ്ലാസ്റ്റിക്കിനെതിരെ അവബോധം സൃഷ്ടിക്കുക തുടങ്ങിയ ഉദ്ദേശ്യത്തോടുകൂടി എല്ലാ വിദ്യാലയങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 2016 ഡിസംബർ 1 മുതൽ പ്ലാസ്റ്റിക് കവറുകൾ, പ്ലാസ്റ്റിക് ക്യാരിബാഗുകൾ, പ്ലാസ്റ്റിക് കോട്ടിങ്ങുള്ള കപ്പുകൾ എന്നിവ ഉപയോഗി ക്കുവാൻ പാടില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ ഏതെങ്കിലും സ്കൂളുകളിൽ ക്ലീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എന്തെല്ലാമാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിവരുന്നു. ഇതിൻ പ്രകാരം ഓഫീസ് പരിസരത്തെയും സ്കൂൾ പരിസരങ്ങളിലെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ജീവനക്കാരുടെ സഹകരണത്തോടെ ശേഖരിച്ച് അവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികളെ ഏൽപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളെയും പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും വിദ്യാർത്ഥികളിൽ പ്ലാസ്റ്റിക്കിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും ആവശ്യമായ പദ്ധതി നടപ്പിലാക്കുമോ?

(സി) ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതിക്ക് പുറമെ, പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതുമൂലം അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്നു എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ